'നല്ലനടപ്പി'ന്റെ നന്മകൾ

അഷ്റഫ് കാവിൽ

കുറ്റവാളികൾക്ക്, പ്രത്യേകിച്ച് ആദ്യമായി കുറ്റകൃത്യം ചെയ്യുന്നവർക്ക് മാനസിക പരിവർത്തനത്തിനും സാമൂഹിക പുനരധിവാസത്തിനും അവസരം നൽകുന്നതിന്, 1958-ലെ 'പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട്' (നല്ലനടപ്പ് നിയമം) ഫലപ്രദമായി നടപ്പാക്കണമെന്ന് 2016-ൽ സുപ്രീംകോടതി ഉത്തരവിറക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നല്ലനടപ്പ് നിയമം കാര്യക്ഷമമായി പ്രയോഗത്തിൽ വരുത്തുന്നതിന് ജില്ലാ സെഷൻസ് ജഡ്ജിയുടെ അധ്യക്ഷതയിലുള്ള 'അണ്ടർ ട്രയൽ റിവ്യൂകമ്മിറ്റി' യുക്തമായ നടപടികം സ്വീകരിക്കണമെന്ന് ഹൈക്കോടതി ഇപ്പോഴും നിർദേശിച്ചിരിക്കുന്നു. പ്രൊബേഷൻ നിയമം ബാധകമാക്കാവുന്ന എല്ലാ കേസുകളും പ്രസ്തുതനിയമപ്രകാരം കൈകാര്യംചെയ്യണമെന്ന് 2015-ലും ഈ വർഷവും ഹൈക്കോടതി കീഴ്ക്കോടതികളോട് നിർദേശിച്ചിരുന്നു. ഈ വർഷം ഓഗസ്റ്റ് എട്ടിനുചേർന്ന സംസ്ഥാനതല പ്രൊബേഷൻ ഉപദേശകസമിതി യോഗത്തിന്റെ തീരുമാനംകൂടി പരിഗണിച്ചാണ് ഹൈക്കോടതി ജില്ലാ കോടതികംക്ക് പുതിയ നിർദേശം നൽകിയിരിക്കുന്നത്.



■ നല്ലനടപ്പെന്നാൽ

ജയിൽശിക്ഷ ലഭിക്കാവുന്ന കുറ്റമാണെങ്കിൽ കൂടി കേസിന്റെ സാഹചര്യം, കുറ്റകൃത്യത്തിന്റെ പ്രകൃതം, കുറ്റവാളിയുടെ സ്വഭാവം, കുടുംബ-സാമൂഹിക പശ്ചാത്തലം, പൂർവചരിത്രം എന്നിവ കണക്കിലെടുത്ത് ചില വ്യവസ്ഥകംക്ക് വിധേയമായി ജയിൽശിക്ഷ മാറ്റിവെക്കുന്ന സംവിധാനമാണ് പ്രൊബേഷൻ അഥവാ 'നല്ലനടപ്പ്'. സ്വന്തം കുടുംബസാഹചര്യത്തിലും സമൂഹത്തിലുംതന്നെ ജീവിക്കാൻ അവസരം നൽകി, മനഃപരിവർത്തനവും പുനരധിവാസവും സാധ്യമാക്കി അബദ്ധത്തിൽ കുറ്റകൃത്യം ചെയ്തുപോയ വ്യക്തിയെ രാഷ്ട്രത്തിനുതകുന്ന പൗരനാക്കി മാറ്റുന്ന സാമൂഹികചികിത്സാസമ്പ്രദായമാണിത്. ശിക്ഷ കുറ്റകൃത്യത്തിന് യോജിച്ചരീതിയിലല്ല, മറിച്ച് കുറ്റവാളിക്ക് യോജിച്ച രീതിയിലാവണമെന്ന കുറ്റകൃത്യശാസ്ത്രത്തിന്റെ ആധുനിക കാഴ്ചപ്പാടാണ് 'നല്ലനടപ്പ്' സംവിധാനത്തിന്റെ അടിസ്ഥാനതത്ത്വം.

ജയിൽശിക്ഷയ്ക്കുപകരം കുറ്റവാളിയെ നല്ലനടപ്പിൽ വിടുന്നതിന്, ഇന്ത്യയിൽ നിലവിലുള്ള നിയമം 1958-ലെ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് ആണ്. ഈ നിയമപ്രകാരം വധശിക്ഷയോ ജീവപര്യന്തം തടവുശിക്ഷയോ ലഭിക്കാവുന്നവ ഒഴികെയുള്ള കുറ്റകൃത്യങ്ങളും ചെയ്തുപോയ ഏതൊരു വ്യക്തിക്കും 'നല്ലനടപ്പ്' ആനുകൂല്യത്തിന് അർഹതയുണ്ട്. കുറ്റകൃത്യത്തിലേക്ക് നയിച്ച സാഹചര്യം, കുറ്റകൃത്യത്തിന്റെ സ്വഭാവം കുറ്റവാളിയുടെ പ്രകൃതം , എന്നിവ പരിഗണിച്ചശേഷം കോടതിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം, ജയിൽശിക്ഷ ഒഴിവാക്കി, ചില ജാമ്യവ്യവസ്ഥകംക്ക് വിധേയമായി, മൂന്നുവർഷത്തിൽ കവിയാത്ത കാലയളവിൽ നല്ലനടപ്പിൽ വിടാവുന്നതാണ്. കുറ്റവാളിയുടെയും സമൂഹത്തിന്റെയും ഉത്തമതാത്പര്യത്തിന് അഭിലഷണീയമാണെന്ന് കോടതിക്ക് തോന്നുന്നപക്ഷം, കുറ്റവാളിയെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ വിടാവുന്നതുമാണ്.

പ്രൊബേഷൻ നിയമത്തിലെ മൂന്നാംഖണ്ഡം, ചില കുറ്റവാളികളെ ശിക്ഷയൊന്നും നൽകാതെ, ശാസനയോ ഉപദേശമോമാത്രം നൽകി വിട്ടയയ്ക്കുന്നതിന് കോടതിക്ക് അധികാരം നൽകുന്നു. ഈ വകുപ്പുപ്രകാരം ഇന്ത്യൻ ശിക്ഷാനിയമത്തിലെ 379, 380, 381, 404, 420 വകുപ്പുകം പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങളോ രണ്ടുവർഷത്തിൽ കവിയാത്ത തടവുശിക്ഷ വിധിക്കാവുന്ന മറ്റേതെങ്കിലും കുറ്റകൃത്യങ്ങളോ ചെയ്ത ആദ്യ കുറ്റവാളിയെ കേസിന്റെ സാഹചര്യം, കുറ്റത്തിന്റെ പ്രകൃതം, കുറ്റവാളിയുടെ സ്വഭാവം എന്നിവ പരിഗണിച്ച് ശിക്ഷയൊന്നും കൂടാതെ ഉചിതമായ മാർഗനിർദേശങ്ങളോ താക്കീതോ നൽകി കോടതിക്ക് വിട്ടയക്കാം.

■ പ്രയോജനങ്ങൾ

'നല്ലനടപ്പ്' സംവിധാനം വ്യക്തികംക്കും സമൂഹത്തിനും നൽകുന്ന പ്രയോജനങ്ങം ഒട്ടേറെയാണ്. നല്ലനടപ്പിന്റെ ആനുകൂല്യം ലഭിക്കുന്ന വ്യക്തിക്ക് ചെയ്തുപോയ കുറ്റകൃത്യത്തെയോർത്ത് കുറ്റബോധവും പശ്ചാത്താപവുമുണ്ടാകുകയും അതുവഴി സമൂഹത്തിൽ ഉത്തമപൗരനായി ജീവിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. അയാംക്ക് കുടുംബജീവിതവും സാമൂഹികജീവിതവും തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നു. ജയിലഴികംക്കുള്ളിൽ ജീവിതം തളച്ചിടപ്പെടുന്ന ചില കുറ്റവാളികളിൽ സമൂഹത്തോട് പ്രതികാരമനോഭാവമാണ് വളരുന്നതെങ്കിൽ നല്ലനടപ്പിൽ വിട്ടയക്കപ്പെട്ടവരിൽ സാമൂഹികമര്യാദകം ലംഘിക്കാതെ ജീവിക്കാനുള്ള പ്രവണതയാണ് വളരുന്നതെന്ന് പഠനങ്ങം വ്യക്തമാക്കുന്നു.

'ജയിൽപ്പുള്ളി' എന്ന മുദ്രകുത്തൽ കുറ്റവാളിയെ മാത്രമല്ല അയാളുടെ കുടുംബാംഗങ്ങളെയും ബന്ധുക്കളെയും തലമുറകളെത്തന്നെയും ബാധിക്കും. ജയിൽപുള്ളി എന്ന മുദ്രകുത്തലും അതുവഴിയുണ്ടാകുന്ന മാനസിക-സാമൂഹിക പ്രശ്നങ്ങളും ദൂരീകരിക്കുന്നതിന് നല്ലനടപ്പ് സന്ദ്രദായം സഹായിക്കുന്നു. നല്ലനടപ്പിൽ വിട്ടയക്കപ്പെട്ട വ്യക്തിക്ക് തടവുശിക്ഷ ലഭിച്ച കുറ്റവാളിയിൽനിന്ന് വ്യത്യസ്തമായി കുറ്റകൃത്യവുമായി ബന്ധപ്പെട്ട ഒരുവിധ അയോഗ്യതയും കല്പിക്കപ്പെടുന്നില്ല എന്ന പ്രത്യേകതയുമുണ്ട്.

നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ ജയിലുകളിലെ 7325 തടവുകാർക്ക് ഭക്ഷണം, വസ്ത്രം, വൈദ്യപരിശോധന, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് ചെലവായത് 27.16 കോടി രൂപയാണ്. അതായത് ഒരു വ്യക്തിയെ ജയിലിൽ പാർപ്പിക്കുന്നതിന് ഒരു വർഷം വേണ്ടിവരുന്നത് 37,084 രൂപ. എന്നാൽ കുറ്റവാളിയെ പ്രൊബേഷൻ ഓഫീസറുടെ നിരീക്ഷണത്തിൽവിട്ട് മാനസികപരിവർത്തനവും സാമൂഹിക പുനരധിവാസവും സാധ്യമാക്കുന്നത് സർക്കാരിനുണ്ടാക്കുന്ന സാമ്പത്തികച്ചെലവ് നിസ്സാരമാണ്.

ഇന്ത്യയിലെ മിക്ക ജയിലുകളും തടവുകാരെക്കൊണ്ട് നിറഞ്ഞ് കവിയുകയാണ്. നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ പ്രിസൺ സ്റ്റാറ്റിസ്റ്റിക്സ്, ഇന്ത്യ-2015 പ്രകാരം 3,66,781 പേരെ താമസിപ്പിക്കാൻമാത്രം ശേഷിയുള്ള ഇന്ത്യയിലെ 1401 ജയിലുകളിലായി കഴിയുന്നത് 4,19,623 തടവുകാരാണ്. 2018 ഏപ്രിൽ മന്നിലെ റിപ്പോർട്ട് പ്രകാരം, 6217 തടവുകാരെമാത്രം പാർപ്പിക്കാൻ സൗകര്യമുള്ള കേരളത്തിലെ 52 ജയിലുകളിൽ കഴിയുന്നത് 8140 പേരും. ശേഷിയിൽ കൂടുതൽ തടവുകാരെ ജയിലുകളിൽ പാർപ്പിക്കേണ്ടി വരുന്നതുമൂലമുള്ള ഗുരുതരമായ സ്ഥിതിവിശേഷവും ക്രമസമാധാന പ്രശ്നങ്ങളും ഒഴിവാക്കാൻ 'നല്ല നടപ്പ്' സന്ദ്രദായം ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ കഴിയും.

കൊടുംകുറ്റവാളികൾ ഉണ്ടാവാതിരിക്കാൻ

നല്ലനടപ്പ് നിയമത്തിന്റെ സവിശേഷത, 21-ൽത്താഴെ പ്രായമുള്ള കുറ്റവാളികംക്ക് ജയിൽശിക്ഷ നൽകുന്നതിന് നിബന്ധനകം വ്യവസ്ഥ ചെയ്യു എന്നതാണ്.

നിയമത്തിലെ ആറാംവകുപ്പ് പ്രകാരം വധശിക്ഷയോ ജീവപര്യന്തം തടവുശിക്ഷയോ ലഭിക്കാവുന്നവ ഒഴികെയുള്ള കുറ്റങ്ങംചെയ്യു 21-ൽത്താഴെ പ്രായമുള്ളവർക്ക് നല്ലനടപ്പിന് അർഹതയില്ലെങ്കിൽമാത്രമേ ജയിൽശിക്ഷ നൽകാവൂ എന്നാണ് വ്യവസ്ഥ. ഇത്തരം കേസുകളിൽ പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ട് കോടതികം പരിഗണിക്കണമെന്നത് നിർബന്ധവുമാണ്. ഇളംപ്രായക്കാരായ കുറ്റവാളികം ജയിലുകളിൽ എത്തിപ്പെട്ട് പ്രായത്തിൽ മുതിർന്ന കൊടുംകുറ്റവാളികളുമായി ബന്ധം വരാനും അതുവഴി വൻ കുറ്റവാളികളായി മാറാനുമുള്ള സാധ്യതയാണ് നിയമം തടയുന്നത്. അതുകൊണ്ടാണ് നിയമത്തിലെ ആറാംവകുപ്പ് 'മാൻഡേറ്ററി' ആണെന്നും യുവതലമുറ കൊടുംകുറ്റവാളികളായി മാറാതിരിക്കാൻ ഈ വകുപ്പിലെ വ്യവസ്ഥകം കോടതികം പരമാവധി പ്രയോജനപ്പെടുത്തണമെന്നും സുപ്രീംകോടതി 1976-ൽ വിധിച്ചത്.

കുറ്റംചെയ്യുവർക്ക് മാത്രമല്ല, കുറ്റകൃത്യത്തിനിരയായവർക്കുകൂടി നിയമത്തിൽ ആനുകൂല്യത്തിന് വ്യവസ്ഥയുണ്ട്. നിയമത്തിലെ അഞ്ചാംവകുപ്പ്പ്രകാരം കുറ്റവാളിയെ പ്രൊബേഷനിൽ വിടുന്നതോടൊപ്പം പ്രസ്തുത കുറ്റകൃത്യത്തിനിരയായവർക്ക് നഷ്ടപരിഹാരം എന്ന നിലയിലോ കോടതി നടപടിക്രമങ്ങളുടെ ചെലവ് എന്ന നിലയിലോ കുറ്റവാളിയിൽനിന്ന് തുക ഈടാക്കാൻ കോടതിക്ക് അധികാരമുണ്ട്. രാജ്യത്തെ നടുക്കിയ മുംബൈ സ്ഫോടനപരമ്പരക്കേസിൽ ടാഡാ കോടതി നല്ലനടപ്പ് നിയമപ്രകാരം വിട്ടയച്ച റൂസിമുല്ലയോട് (സഞ്ജയ്ദത്തിന്റെ കൂട്ടുപ്രതി) ഒരു ലക്ഷം രൂപ കെട്ടിവെക്കാൻ കോടതി ആവശ്യപ്പെട്ടത് ഈ വകുപ്പുപ്രകാരമാണ്. നല്ലനടപ്പ് ജാമ്യത്തിൽ വിട്ടയക്കപ്പെടുന്ന കുറ്റവാളി, പ്രൊബേഷൻ ബോണ്ടിലെ വ്യവസ്ഥകം ലംഘിക്കുന്ന പക്ഷം, പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിഴയോ മാറ്റിവെച്ച ജയിൽശിക്ഷയോ നൽകുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്.

■ ശിക്ഷാതടവുകാർ 3,400 മാത്രം

കേരളത്തിൽ പ്രൊബേഷൻ സന്ദ്രദായം ഫലപ്രദമായി നിർവഹിക്കപ്പെടേണ്ടതിന്റെ ആവശ്യകത സംസ്ഥാനത്തെ ജയിൽ സ്ഥിതിവിവരക്കണക്കുകം പരിശോധിച്ചാൽ ബോധ്യമാവും.

ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരായി കഴിയുന്നവർ 7890 പേരാണ്. ഇവരിൽ 3400 പേർ മാത്രമാണ് ശിക്ഷാതടവുകാർ. ബാക്കിയുള്ള 4490 പേരും (57 ശതമാനം) വിചാരണത്തടവുകാരാണ്. ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള ഗുരുതരമായ കുറ്റകൃത്യങ്ങംക്ക് വിചാരണ നേരിടുന്നവർ 36 ശതമാനം മാത്രമാണെന്ന് 'പ്രിസൺ സ്റ്റാറ്റിസ്റ്റിക്സ് ഇന്ത്യ - 2015' റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ഈ റിപ്പോർട്ട് പ്രകാരം വിചാരണത്തടവുകാരിൽ വലിയൊരു ഭാഗവും ചെറിയ കുറ്റകൃത്യങ്ങം ചെയ്യവരോ വധശിക്ഷയോ ജീവപര്യന്തം തടവോ ലഭിക്കാനിടയില്ലാത്തവരുമാണ്. തടവിൽ കഴിയുന്നവരിൽ 3.2 ശതമാനംമാത്രമാണ് സ്ഥിരം കുറ്റവാളികം. 96.8 ശതമാനം പേരും ആദ്യമായി കുറ്റകൃത്യത്തിൽ പെട്ടുപോയവരാണ്. ശിക്ഷാത്തടവുകാരിൽ 35 ശതമാനവും വിചാരണത്തടവുകാരിൽ 41 ശതമാനവും 18-നും 30-നുമിടയിൽ പ്രായമുള്ള യുവ കുറ്റവാളികളാണ്. ഇതിൽ നിന്ന് കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ഭൂരിഭാഗം തടവുകാരുടെയും കേസുകം നല്ലനടപ്പ് നിയമപ്രകാരം പരിഗണിക്കപ്പെടുന്നതിന് അർഹമാണെന്ന് കാണാം. എന്നാൽ, ഈ നിയമം പ്രയോജനപ്പെടുത്താത്തതിനാൽ കേരളത്തിലെ ജയിലുകം തിങ്ങി നിറയുകയും നല്ലനടപ്പ് സന്ദ്രദായത്തിലൂടെ സ്വയം തിരുത്താനുള്ള കുറ്റവാളിയുടെ നിയമപരമായ അവകാശം ലംഘിക്കപ്പെടുകയുമാണ്. കുറ്റവാളികളുടെ സ്വഭാവ പരിവർത്തനത്തിനും പുനരധിവാസത്തിനുമുള്ള സ്ഥാപനേതര സന്ദ്രദായമെന്ന നിലയിൽ 'നല്ലനടപ്പ്' സംവിധാനം കാര്യക്ഷമമാക്കുന്നതിന് അനുയോജ്യമായ വിധത്തിൽ, ജുഡീഷ്യറിയെയും ക്രിമിനൽ ജസ്റ്റിസ് സംവിധാനത്തിലെ അനുബന്ധ വിഭാഗങ്ങളെയും ശക്തിപ്പെടുത്തുന്നതിനും അതുവഴി കേരളത്തിൽ പ്രൊബേഷൻ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനും ഹൈക്കോടതിയുടെ പുതിയ നിർദേശം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കാം.

(വയനാട് ജില്ലാ പ്രൊബേഷൻ ഓഫീസറാണ് ലേഖകൻ)